**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*103    04.12.2014 ൽ മറുപടിക്ക്**

**മിഷൻ 676 ഉൾപ്പെടുത്തിയ ഉപരിതല ഗതാഗത വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>" എ പി അബ്ദുള്ളക്കുട്ടി<br>" ഡൊമിനിക് പ്രസന്റേഷൻ<br>" കെ മുരളീധരൻ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) മിഷൻ 676 അനുസരിച്ച് ദേശീയപാത ഉൾപ്പെടെയുള്ള ഉപരിതല ഗതാഗത വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; വിശദ വിവരം ലഭ്യമാക്കുമോ; | എ) | കേരള സർക്കാരിന്റ നവരത്ന പരിപാടിയിൽ ഉൾപ്പെടുന്ന തിരുവനന്തപുരം - കോഴിക്കോട് മോണോ റെയിൽ, സംസ്ഥാന ദേശീയപാതകളുടെ വികസനം എന്നീ പദ്ധതികളും, പതാക നൗകാ പദ്ധതിയിൽ ഉൾപ്പെടുന്ന സ്പീഡ് കേരള പദ്ധതിയുമാണ് മിഷൻ 676 -ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ബി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം:<br><br>സി പദ്ധതി നിർവ്വഹണത്തിനായുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br><br>ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ബി) സി) & ഡി) | 09.10.2012ലെ സ.ഉ(കൈ) 72/2012/ പൊമവ പ്രകാരം തിരുവനന്തപുരം കോഴിക്കോട് മോണോ റെയിൽ പദ്ധതികൾക്കായി കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു **Special Purpose Vehicle (SPV)** പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സജ്ജമാക്കുകയും 14.05.2013 ലെ സ.ഉ(കൈ) 50/2013/ പൊമവ ഡി എം ആർ സി യെ ജനറൽ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തു. എന്നാൽ ഭീമമായ സാമ്പത്തിക ബാധ്യത സർക്കാരിനുണ്ടാകുന്നതിനാൽ മോണോ റെയിൽ പദ്ധതിക്ക് പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രൻസിറ്റ് സിസ്റ്റത്തിനായി 4 ആഴ്ചയ്ക്കുള്ളിൽ വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കുവാൻ ഡി എം ആർ സി യെ ചുമതലപ്പെടുത്തുകയും ആയതിൻ പ്രകാരം സംസ്ഥാനത്തിന് യോജ്യമായ 'ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാനുള്ള സാങ്കേതിക സാദ്ധ്യതകളെക്കുറിച്ച് ഡി എം ആർ സി വിശദമായ പഠനം നടത്തി തയ്യാറാക്കിയ രൂപരേഖ അനുസരിച്ച് 2 പദ്ധതികൾക്കുമായി മൊത്തം 6728 കോടി രൂപ ചെലവ് വരുമെന്ന് |

കണക്കാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി നൽകി താമസംവിനാ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി 2020 ലും കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി 2019 ലും പൂർത്തിയാകുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനമാണ് നവരത്ന പദ്ധതിയിൽ സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ ദേശീയപാതകളായ എൻ എച്ച് 17 ഉം, എൻ എച്ച് 47 ഉം ഉൾപ്പെട്ട 829 കി മീ അന്താരാഷ്ട്ര നിലവാരത്തിൽ 4/6 വരിപ്പാതയായി വികസിപ്പിക്കുവാൻ ദേശീയപാത വികസന പദ്ധതി (NHDP) രണ്ടും മൂന്നാം ഘട്ടത്തിൽപ്പെടുത്തി എൻ എച്ച് എ ഐ യെ 2001 വർഷം ഏൽപ്പിച്ചിരുന്നു. 2004 വർഷം മുതൽ ഭൂമി അക്വയർ ചെയ്യുന്ന നടപടികൾ തുടങ്ങിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ എൻ എച്ച് 17 ലെയും എൻ എച്ച് 47 ലെയും പ്രവൃത്തികൾ ആരംഭിക്കാത്ത ഭാഗങ്ങൾ ഒഴിവാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഭാവിയിൽ ഉണ്ടാകുന്ന ഗതാഗത സാന്ദ്രതയും സുരക്ഷിതത്വവും കണക്കിലെടുത്ത് ദേശീയപാത 45 മീ വീതിയിൽ തന്നെ വികസിപ്പിക്കുവാൻ 25.10.2014 ലെ സ.ഉ.(കൈ) 94/2014/പൊ മ വ പ്രകാരം ഉത്തരവായിട്ടുണ്ട്. ദേശീയപാതയുടെ വികസനത്തിനാവശ്യമായ തുക പൂർണ്ണമായും വഹിക്കുന്നത് കേന്ദ്ര സർക്കാർ ആയതിനാൽ ഈ പ്രവൃത്തിക്ക് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് കണക്കാക്കിയിട്ടില്ല.

സ്പീഡ് കേരള പദ്ധതി അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ, റിംഗ് റോഡുകൾ, ബൈപ്പാസുകൾ എന്നിവ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആകെ 23 പദ്ധതികളാണ് സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു.

പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കി അവയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു. ഇതിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 3** ആയി ചേർത്തിരിക്കുന്നു. രൂപരേഖ തയ്യാറാക്കിയിട്ടുള്ള മറ്റ് 7 പദ്ധതികളുടെ ഭരണാനുമതി നൽകാനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ബാക്കി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി വരുന്നു.

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലാരിവട്ടം ഫ്ലൈ ഓവറിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാലുംഗൽ ലേബർ കോൺട്രാക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു. രാമപുരം - നാലമ്പലം ദർശനം റോഡ്, കഞ്ഞിക്കുഴി - വെട്ടുത്തുകവല-കറുകച്ചാൽ റോഡ് എന്നീ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരുമായി കരാർ ഒപ്പ് വച്ച് കഴിഞ്ഞു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെയും, ഇടപ്പാൾ ഫ്ലൈ ഓവറിന്റെയും ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. 18 കിമീ ദൂരം വരുന്ന തലശ്ശേരി-മാഹി ബൈപ്പാസിന്റെ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കിമീ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ 12 കി മീ ദൂരം രണ്ടു വരിപാതയായി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ചെലവിൽ stand alone project ആയിനിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ജനുവരി മുതൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇത് കൂടാതെ ലോകബാങ്ക് സഹായത്തോട് കൂടി 2403 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന 363

കി.മീ ദൈർഘ്യമുള്ള പാതകളുടെ വികസനം കെ എസ് റ്റി പി രണ്ടാം ഘട്ട പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. വിശദവിവരം **അനുബന്ധം 4** ആയി വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം I

(1) എറണാകുളത്ത് ഇടപ്പള്ളി അരൂർ ദേശീയപാത ബൈപ്പാസിൽ പാലാരിവട്ടം, വൈറ്റില, കു ണ്ടന്നൂർ എന്നീ ജംഗ്ഷനുകളിലും കളമശ്ശേരി അപ്പോളോ ജംഗ്ഷനിലും കൂടി മേൽപ്പാലം നിർമ്മിക്കുക.

(2) കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള റോഡ് 4 വരിയായി വികസിപ്പിക്കുക

(3) കൊല്ലം ബൈപ്പാസ്

(4) ആലപ്പുഴ ബൈപ്പാസ്

(5) കഞ്ഞിക്കുഴി - വെട്ടത്തുകവല-കറുകച്ചാൽ റോഡ് പുനരുദ്ധാരണം

(6) ചോഴിയക്കാട് -പരുത്തുംപാറ - എഫ്.സി.ഐ.- പാക്കിൽ - മുളക്കുഴ- ഗ്രാമൺചിറ - തിരുവാതുക്കൽ - ഇല്ലിക്കൽ ജംഗ്ഷൻ റോഡ്

(7) പത്തനംതിട്ട നഗരത്തിലെ ഔട്ടർ റിംഗ് റോഡ്

(8) തൃപ്പൂണിത്തുറ ബൈപ്പാസ്

(9) എൻ.എച്ച് 47 നുമായി ബന്ധിപ്പിക്കുന്ന മണ്ണുത്തി - അമല നഗർ ബൈപ്പാസ് റോഡിന്റെയും തൃശ്ശൂർ - കുറ്റിപ്പുറം റോഡിന്റെയും പുനരുദ്ധാരണം

(10) ഇടുക്കിയിൽ നിന്നും തൊടുപുഴയിലേക്കുള്ള തൊടുപുഴ-കാളിയാർ വണ്ണപ്പുറം- ചേലച്ചുവട് -ഇടുക്കി സമാന്തര പാത.

(11) സുൽത്താൻപേട്ട ജംഗ്ഷൻ-പാലക്കാട് നഗരം

(12) മഞ്ചേരി റിംഗ് റോഡ്

(13) കോഴിക്കോട് ബൈപ്പാസ്

(14) മാനാഞ്ചിറ - വെള്ളിമാട്കുന്ന് റോഡ് 4 വരിയായി വികസിപ്പിക്കുക

(15) തലശ്ശേരി-മാഹി-വളപട്ടണം ബൈപ്പാസ്

(16) താമരശ്ശേരി ചുരം ബദൽ റോഡ് (ചിപ്പിലിത്തോട് - മരുതിലാവ് - താളിപ്പുഴ റോഡ്)

(17) ചൗക്കി-ഇയാത്തടുക്ക-വിദ്യാനഗർ ബൈപ്പാസ് റോഡ്

(18) ദേശീയപാത 212 - ബത്തേരി-മൈസൂർ എലിവേറ്റഡ് ഹൈവേ (വനഭൂമി) സാദ്ധ്യതാ പഠനം

(19) എടപ്പാൾ ഫ്ളൈഓവർ

(20) പാലാ റിവർവ്യു റോഡ് കളരിയാമ്മക്കൽ മുതൽ സാന്തോം കോംപ്ലക്സ് വരെ അഭിവൃദ്ധിപ്പെടുത്തൽ.

(21) രാമപുരം നാലമ്പലം ദർശനം റോഡുകൾ ബി.എം & ബി.സി

(22) കാസറഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം കടുക്കറ വരെയുള്ള ഹിൽ ഹൈവേയുടെ പൂർത്തീകരണം

(23) പുല്ലേപ്പടി തമ്മനം 2nd റീച്ച് ചക്കരപ്പറമ്പ് മുതൽ സീപോർട്ട് എയർപോർട്ട് റോഡ് വരെ

അനുബന്ധം 2

| Sl No. | Name of Project | Project Cost (Rs.inCr) | Implementing Agency |
|---|---|---|---|
| 1 | Construction of Palarivattom Fly over on NH Bypass | 72.6 | RBDCK |
| 2 | Construction of Fly over at Vyttila Junction on NH 47 Bypass | 109.00 | PWD (NH) |
| 3. | Construction of Fly over at Kundannoor Junction on NH 47bypass) | 80.2 | PWD (NH) |
| 4 | Construction of Kollam Bypass (50% contribution by GoI) | 267.16 | PWD (NH) |
| 5 | Construction of Alappuzha Bypass (50% contribution by GoI) | 255.75 | PWD (NH) |
| 6 | Construction of Kozhikode Bypass | 145.5 | PWD (NH) |
| 7 | Construction of Fly over at Edappal Junction in Malappuram District | 21 | KSCC |
| 8 | Improvements and Heavy Maintenance to Ramapuram, Nalambalam Darsanam Road | 67 | KSCC |
| 9 | Upgradation of Kanjikuzhi, Vettathukavala - Karukachal Road | 67.26 | KSCC |
| 10 | Construction of 4 lane highway connecting NH bypass at Chakkarapparambu Junction to Info Park Junction on Airport Seaport Road | 412.82 (including cost of land acquisition) | KSCC |
| | Total | **1498.29** | |

**അനുബന്ധം 3**

1. ദേശീയപാത ബൈപ്പാസിൽ പാലാരിവട്ടം ജംഗ്ഷനിലെ മേൽപ്പാലത്തിന്റെ നിർമ്മാണം- ദേശീയപാതയുടെ കീഴിൽ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

2. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം - ദേശീയപാതയുടെ കീഴിൽ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

3. രാമപുരം - നാലമ്പലം-ദർശനം റോഡിന്റെ ബി എം & ബി സി - കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഇതിന്റെ നിർമ്മാണ ചുമതല. ഇതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ച കഴിഞ്ഞു.

4. കഞ്ഞിക്കുഴി-വെട്ടത്തുകവല- കറുകച്ചൽ റോഡിന്റെ പുനരുദ്ധാരണം - കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഇതിന്റെ നിർമ്മാണ ചുമതല. ഇതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ച കഴിഞ്ഞു.

5. തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണം - 18 കിമീ ദൂരം വരുന്ന തലശ്ശേരി മാഹി ബൈപ്പാസിന്റെ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കിമീ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ 12 കി മീ ദൂരം രണ്ടു വരി പാതയായി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ചെലവിൽ stand alone project ആയി നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ജനുവരി മുതൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

അനുബന്ധം - IV

# കേരള സംസ്ഥാന ഗതാഗത പദ്ധതി-രണ്ട് (കെ.എസ്.ടി.പി - II)

## റോഡ് നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട്

| നം | പ്രവൃത്തിയുടെ പേര് & റോഡിൻെറ നീളം (കി.മീ) | കരാർ തുക കോടിയിൽ | കരാറുകാരൻെറ പേര് | നിർമ്മാണ കാലാവധി / നിർമ്മാണം തുടങ്ങിയ തീയതി /പൂർത്തിയാക്കേണ്ട തീയതി | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|---|---|
| 1. | KSTP/PMT/UG-1<br>കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിൻെറ അപ്ഗ്രഡേഷൻ പണി (27.76 കി.മീ) | 133.06 | M/s.RDS Projects | 24 മാസം<br>24.4.2013<br>26.3.2016 | ചളിയങ്കോടുള്ള വയഡക്ടിൻെറ നിർമ്മാണം ചിറ്റാരി ബ്രിഡ്ജിൻെറ നിർമ്മാണം എന്നിവ പുരോഗമിച്ചു വരുന്നു. 12 കലുങ്കുകളുടെ പണികൾ പൂർത്തീകരിച്ചു. 5 എണ്ണത്തിൻെറ നിർമ്മാണം പുരോഗമിച്ചു വരുന്നു. 4542 മീറ്റർ പ്രീക്രാസ്റ്റ് യൂണിസ്റ്റ് പൂർത്തിയാക്കി. 4.95 കി.മീ ഗ്രാനുലർ സബ് ബേസ്, 3.61 കി.മീ വെറ്റ് മിക്സ് മെക്കാഡം, 3.515 കി.മീ ഡെൻസ് ബിറ്റുമിനസ് മെക്കാഡം പൂർത്തി യാക്കി. 14.10% പ്രവൃത്തി പൂർത്തിയാക്കി. |
| 2. | KSTP/PMT/UG-2<br>പിലാത്തറ-പാപ്പിനിശ്ശേരി റോഡിൻെറ അപ്ഗ്രഡേഷൻ പണി (20.9 കി.മീ) | 118.29 | M/s.RDS Projects | 24 മാസം<br>23.4.2013<br>14.3.2016 | പാപ്പിനിശ്ശേരി, തവം എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ പണികൾ നടന്നു വരുന്നു. 49 പൈലുകൾ പൂർത്തിയാക്കി. 12 ബോക്സ് കലുങ്കുകളും, 2 കലുങ്കുകളുടെ വീതി കൂട്ടലും പൂർത്തിയാക്കി. 6 എണ്ണത്തിൻെറ പണികൾ നടന്നു വരുന്നു. 4.4 കി.മീ ഗ്രാനുലർ സബ് ബേസ്, 4.4 കി.മീ വെറ്റ് മിക്സ് മെക്കാഡം, 2.9 കി.മീ ഡെൻസ് ബിറ്റുമിനസ് മെക്കാഡം പൂർത്തിയാക്കി. 11.77% പ്രവൃത്തികൾ പൂർത്തിയാക്കി. |
| 3. | KSTP/PMT/UG-3<br>തലശ്ശേരി-വളവുപാറ റോഡിൻെറ അപ്ഗ്രഡേഷൻ പണി (53.12 കി.മീ) | 234.99 | M/s. SACYR-ESSAR JV | 30 മാസം<br>29.6.2013<br>28.12.2015 | ഇരഞ്ഞോളി, കളറോട്, ഉളിയിൽ, കാരേറ്റ് മെരുവമ്പായി എന്നീ പാലങ്ങളുടെ ജോലികൾ നടന്നു വരുന്നു. 11 കലുങ്കുകളുടെ പണി പൂർത്തിയാക്കി 4 എണ്ണം പുരോഗതിയിലാണ്. 2100 മീറ്റർ പ്രീകാസ്റ്റ് ഓടകളുടെ നിർമ്മാണം പൂർത്തിയാക്കി. H.M പ്ലാന്റും, WMM പ്ലാന്റും സ്ഥാപിക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കുന്ന പണികളും നടന്നു വരുന്നു. 3.16% പ്രവൃത്തികൾ പൂർത്തിയാക്കി. |
| 4. | KSTP/PMT/UG-5<br>ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിൻെറ അപ്ഗ്രഡേഷൻ പണി (42 കി.മീ) | 171.49 | M/s. NAPC Limited, Chennai | 30 മാസം<br>4.2.2014<br>3.8.2016 | നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭ പണികൾ നടന്നു വരുന്നു. ബേസ് ക്യാംപും, പ്ലാന്റുകളും സ്ഥാപിക്കുന്നതിനുള്ള ജോലികൾ മിക്കവാറും പൂർത്തിയായി. സർവ്വേ ജോലികൾ പൂർത്തിയായി വരുന്നു. യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കുന്ന പണി തുടങ്ങി. 3 ബോക്സ് കലുങ്കുകളുടെയും, 2 സ്ലാബ് കലുങ്കുകളുടെയും പണി നടന്നു വരുന്നു. 7038 മീറ്റർ പ്രീകാസ്റ്റ് ഓട കാസ്റ്റ് ചെയ്തു. ഈ പ്രവൃത്തിയുടെ 1.71% പണികൾ പൂർത്തിയായി. |
| 5. | KSTP/PMT/UG-IVA<br>തിരുവല്ല ബൈപ്പാസ് നിർമ്മാണം (2.25 കി.മീ) | 31.8 | M/s.EKK & Company | 24 മാസം<br>19.12.2013<br>18.12.2015 | നാഷണൽ ഗ്രീൻ ട്രൈബ്യൂൺ ചെന്നൈയിൽ ഒരു ഭൂവുടമ നൽകിയ പരാതിയെത്തുടർന്ന് ട്രൈബ്യൂണലിൻെറ ഉത്തരവ് പ്രകാരം പണികൾ നിർത്തി വച്ചിരിക്കുകയായിരുന്നു. എന്നാൽ ബഹു: കോടതി ഹർജി തള്ളിയതിനാൽ ഈ പ്രവൃത്തിയുടെ പ്രാരംഭ നിർമ്മാണ |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഫ്ളൈ ഓവറിന്റെ പൈലിംഗ് ജോലികൾ, മണ്ണ് നികത്തൽ എന്നിവ നടന്നു വരുന്നു. |
| 6. | **KSTP/PMT/UG-6**<br>പൊൻകുന്നം-തൊടുപുഴ റോഡിന്റെ അപ്ഗ്രഡേഷൻ പണി (50.22 കി.മീ) | 227.13 | M/s.GHV-EKK& Co JV | 30 മാസം<br>10.6.2014<br>9.12.2016 | ഈ നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭ പണികൾ തുടങ്ങിക്കഴിഞ്ഞു.ബേസ്ക്യാംപും,പ്ലാന്റുകളും സ്ഥാപിക്കുന്നതിനുള്ള പണികൾ അവസാന ഘട്ടത്തിലാണ്. കലുങ്കുകളുടെയും ഓടകളുടെയും നിർമ്മാണവും, എർത്ത് വർക്കുകളും പുരോഗമിച്ചു വരുന്നു. |
| 7. | **KSTP/PMT/UG-4**<br>ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡിന്റെ അപ്ഗ്രഡേഷൻ പണി (43.65 കി.മീ) | 293.58 | M/s.Delma Sreedhanya JV | 36 മാസം<br>25.11.2014<br>24.11.2017 | ഈ നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭ പണികൾ തുടങ്ങിക്കഴിഞ്ഞു. സർവ്വേ പണികൾ തുടങ്ങി. ബേസ് ക്യാംപും, പ്ലാന്റുകളും സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി. പ്രാരംഭ പണികൾ നടന്നു വരുന്നു. |
| 8. | പുനലൂർ-പൊൻകുന്നം റോഡിന്റെ അപ്ഗ്രഡേഷൻ പണി (82 കി.മീ) | 450 (ഉദ്ദേശം അടങ്കൽ തുക) | - | - | ഇതിന്റെ നിർമ്മാണ പ്രവൃത്തി P.P.P ആന്യൂറ്റി മോഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനുള്ള ട്രാൻസാക്ഷൻ അഡ്വൈസറി കൺസൾട്ടന്റായി M/s. L&T Ramboll JV with M/s.Fortress നെ നിയമിച്ച് പ്രവർത്തനം ആരംഭിച്ചു. DPR ന്റെ സൂക്ഷ്മ പരിശോധന നടത്തി വരുന്നു. കൂടാതെ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള ഡോക്യുമെന്റുകൾ തയ്യാറാക്കി വരുന്നു. |
| 9. | പെരിമ്പിലാവ്-പെരിന്തൽമണ്ണ റോഡിന്റെ അപ്ഗ്രഡേഷൻ പണി (41 കി.മീ) | 205 (ഉദ്ദേശം അടങ്കൽ തുക) | - | - | അലൈൻമെന്റ് അംഗീകരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിച്ച് വരികയാണ്. സ്ഥലമേറ്റെടുക്കൽ പുതിയ എൽ.എ നിയമ പ്രകാരം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

S.O